പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1869 — 04.12.2018-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം**

ചോദ്യം — ശ്രീ.കെ.വി.വിജയദാസ്

ഉത്തരം — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഏകദേശം 4.32 കോടി രൂപ . |
| (ബി) | കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റി കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുള്ള വായ്പാകടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഗുണഫലമെന്നോണം വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം 60 കോടി രൂപ ലാഭിക്കുവാൻ കഴിഞ്ഞു. കൂടാതെ കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിച്ച് ലാഭത്തിലേക്കെത്തിക്കുന്നതിനുമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കത്ത എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ.സുശീൽ ഖന്നയെ, വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗ |

| | | | |
|---|---|---|---|
| | | | സ്ഥരെ നിയമിച്ച വരുന്നു. ഡ്യൂട്ടി പാറ്റേൺ അടക്കമുള്ള പരിഷ്കാരങ്ങൾ സർവീസ് ഓപ്പറേഷൻ മേഖലയിൽ നടത്തിക്കൊണ്ട് വരുമാന വർദ്ധനവിന് പദ്ധതി ഉണ്ടാക്കി വരുന്നു. പെൻഷൻ നൽകുന്നതിന് സഹകരണ മേഖലയുമായി സഹകരിച്ച് സർക്കാർ ഒരു പ്രത്യേക സംവിധാനം നടപ്പി ലാക്കിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ഓരോ വർഷവും എത്ര കോടി രൂപയുടെ പലിശയാണ് മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകിവരുന്നത്; ഇത് കുറച്ച കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ 9.20% പലിശക്കാണ് പൊതു മേഖല ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും 3100 കോടി രൂപയുടെ കടമുള്ളത്. ഇതിൻ പ്രകാരം പ്രതിവർഷം ഏകദേശം 286 കോടി രൂപയോളം പലിശയിനത്തിൽ നൽകിവരുന്നു. ഇത് കുറച്ച കൊണ്ടുവരുന്നതിനുള്ള നടപടികൾ ആലോചനയിലാണ്. |

**സെക്ഷൻ ഓഫീസർ**